ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1010

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 17 – 19

ഈ ലോകം ആഴമേറിയ ആഴിയാകുന്നു. പെരുത്താളുകൾ അതിൽ മുങ്ങിയൊടുങ്ങിയിരിക്കുന്നു. ആകയാൽ ഈ സമുദ്രത്തിൽ നിന്റെ കപ്പൽ ദൈവഭക്തിയായിരിക്കണം. അതിന്റെ കേവ് ഈ മാനായിരിക്കട്ടെ. അല്ലാഹുവിലുള്ള തവക്കുലാവട്ടെ കപ്പൽ പായ്കൾ. നിനക്കു രക്ഷപ്പെടാം. നീ രക്ഷപ്പെട്ടുവെന്ന് ഞാൻ പറയുന്നില്ല.

يَا بُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ
وَاصْبِرْ عَلَىٰ مَا أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٧﴾

17. വത്സലപുത്രാ, നീ നമസ്കാരം നിലനിർത്തണം. നന്മ കൽപിക്കണം. തിന്മ വിരോധിക്കണം. നിനക്കേർപ്പെടുന്ന ക്ലേശങ്ങൾ ക്ഷമയോടെ തരണം ചെയ്യണം. തീർച്ചയായും ഇവ ദൃഢനിശ്ചയമാവശ്യമുള്ള കാര്യങ്ങളത്രെ.

**17**

يَا بُنَيَّ = എന്റെ വത്സലപുത്രാ أَقِمِ الصَّلَاةَ = നീ നമസ്കാരം നിലനിർത്തണം

وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ = നന്മകൽപിക്കണം, തിന്മ വിരോധിക്കണം

وَاصْبِرْ عَلَىٰ مَا أَصَابَكَ = നിനക്കു ബാധിക്കുന്നതിന്മേൽ ക്ഷമിക്കണം (നിനക്കേർപ്പെടുന്ന ക്ലേശങ്ങൾ ക്ഷമയോടെ തരണം ചെയ്യണം)

إِنَّ ذَٰلِكَ = തീർച്ചയായും ഇവ

مِنْ عَزْمِ الْأُمُورِ = കാര്യങ്ങളുടെ നിശ്ചയദാർഢ്യത്തിൽപെട്ടത് (ദൃഢനിശ്ചയമാവശ്യമുള്ള കാര്യങ്ങളാകുന്നു)

മുകളിൽ ഉപദേശിച്ച അടിസ്ഥാന തത്ത്വങ്ങളുടെ പ്രയോഗമാണ് ഈ സൂക്തം ഉപദേശിക്കുന്നത്. അതിൽ പ്രഥമവും പ്രധാനവുമാണ് നമസ്കാരം. ദീനിന്റെ മൗലിക സ്തംഭങ്ങളിലൊന്ന്. ഭയഭക്തി വിധേയത്വവികാരത്തോടെ അല്ലാഹുവിനെ സ്മരിക്കലും വാഴ്ത്തലും അവന്റെ മാർഗദർശനത്തിനും സംരക്ഷണത്തിനും പ്രാർഥിക്കലുമാണ് അടിസ്ഥാനപരമായി നമസ്കാരം. ഇസ്‌ലാമിക ശരീഅത്ത് ഇതിന് കൃത്യമായ സമയങ്ങളും രൂപങ്ങളും നിർണയിച്ചിട്ടുണ്ട്. അതുപ്രകാരം നമസ്കാരം നിർവഹിക്കുകയാണ് ഇഖാമത്തുസ്സ്വലാത്ത്. ലുഖ്മാൻ പുത്രനോട് നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുക – أَقِمِ الصَّلَاةَ– എന്ന് ഉപദേശിച്ചതിൽനിന്ന് അദ്ദേഹം ആചരിച്ചിരുന്ന ദീനിലും കൃത്യമായ സമയങ്ങളും അനുഷ്ഠാനമുറകളും നിർണയിക്കപ്പെട്ട നമസ്കാരം ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം; അതിന്റെ സമയവും രൂപവും വ്യത്യസ്തമായിരിക്കാമെങ്കിലും. സ്വയം നമസ്കരിക്കുന്നതോടൊപ്പം മറ്റുള്ളവരെ നമസ്കരിക്കാൻ പ്രേരിപ്പിക്കുകയും വേണമെന്ന ധ്വനിയും أَقِمِ الصَّلَاةَ എന്ന പ്രയോഗത്തിലുണ്ട്.

അല്ലാഹുവിനോടുള്ള നന്ദിയുടെയും കൂറിന്റെയും മറ്റൊരു മുഖമാണ് നന്മ പ്രചരിപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക- أَمْرٌ بِالْمَعْرُوفِ نَهْيٌ عَنِ الْمُنكَرِ നമസ്കാരം പോലെ ദീനിന്റെ അടിസ്ഥാന മൂല്യമാണിത്. സത്യവും ധർമവും നീതിയും താൽപര്യപ്പെടുന്ന എല്ലാ കാര്യങ്ങളുടെയും പ്രചാരണമാണ് أَمْرٌ بِالْمَعْرُوفِ അതിനെതിരായതിന്റെയെല്ലാം നിഷേധം نَهْيٌ عَنِ الْمُنكَرِ-ഉം. മുസ്‌ലിം സമുദായത്തിന്റെ അടിസ്ഥാന ദൗത്യമാണിതെന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്:
كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ
(നിങ്ങൾ ജനങ്ങൾക്കു വേണ്ടി എഴുന്നേൽപിക്കപ്പെട്ട

ഉത്തമ സമുദായമാകുന്നു. നിങ്ങൾ നന്മകൽപിക്കാനും തിന്മ വിരോധിക്കാനും). സമൂഹത്തെ സംസ്കരിക്കാനും ധാർമി കവൽക്കരിക്കാനും പരിശ്രമിക്കേണ്ടത് മുസ്‌ലിമിന്റെ വ്യക്തി ഗതവും സമഷ്ടിഗതവുമായ ബാധ്യതയാണ്. സംസ്കരണ വും ധാർമികവൽക്കരണവും ഏറ്റെടുത്തവർ അത് സ്വയം പാലിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. നേരത്തേ നിരവധി സൂക്തങ്ങളിൽ ഇഖാമത്തുസ്സ്വലാത്ത് പരാമർശിച്ചി രിക്കുന്നു. 3:104, 110, 115, 7:157, 9:71 മുതലായ സൂക്തങ്ങളിൽ *അംറും ബിൽ മഅ്റൂഫും നഹ്‌യുൻ അനിൽ മുൻകറും* പരാ മർശിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്ത ങ്ങൾക്കു താഴെ കാണുക.

സമൂഹത്തിന്റെ സംസ്കരണവും ധാർമികവത്കര ണവും ലളിതമായ ദൗത്യങ്ങളല്ലെന്ന് ഉണർത്തുകയാണ് وَاصْبِرْ عَلَىٰ مَا أَصَابَكَ-നല്ല ക്ഷമയും സഹനശക്തിയും വേണം. ത്യാഗങ്ങൾക്ക് തയാറാവുകയും വേണം. പെട്ടെന്ന് ഭഗ്നാശ രാവുന്നവർക്ക് ഈ ദൗത്യവുമായി മുന്നോട്ടു പോകാനാവി ല്ല. ദീർഘമായ കാലം പരിശ്രമിച്ചാലും ചിലപ്പോൾ ഫലം കണ്ടെന്നുവരില്ല. സമൂഹത്തെ സംസ്കരിക്കാനിറങ്ങുന്നവർ പൈശാചിക പ്രഭൃതികളുടെയും പ്രതിലോമ ശക്തികളുടെ യും ശത്രുക്കളായിത്തീരുക സ്വാഭാവികമാണ്. അവരുടെ കടുത്ത മർദനവും പീഡനവും പരിഹാസവും പുഛവുമെ ല്ലാം നേരിടേണ്ടിവരും. അതെല്ലാം അചഞ്ചലമായി തരണം ചെയ്യാനുള്ള ക്ഷമയും സ്ഥൈര്യവും സംഭരിക്കണമെന്ന് ഒന്നുകൂടി ഊന്നിപ്പറയുകയാണ് إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ എന്ന വാക്യം. അലസമനസ്കരായി അയഞ്ഞുലഞ്ഞ കൈകൊണ്ട് ചെയ്യാവുന്നതല്ല ഇക്കാര്യം. നിശ്ചയദാർഢ്യമുള്ള മനസ്സും ബലിഷ്ഠഹസ്തങ്ങളുമുള്ളവർക്കേ ഇത് വിജയകരമായി നിർ വഹിക്കാനാകൂ. നമസ്കാരവും *അംറും ബിൽ മഅ്റൂഫും നഹ്‌യുൻ അനിൽ മുൻകറും* അതിൽ കൈക്കൊള്ളേണ്ട ക്ഷമയും സഹനവുമൊക്കെ ദീനിന്റെ സുദൃഢവും അചഞ്ച ലവുമായ മൂല്യങ്ങളാകുന്നു എന്നുമാവാം ഉദ്ദേശ്യം. മനോ ദാർഢ്യത്തെയും ഉറച്ച തീരുമാനത്തെയും കുറിക്കാനാണ് സാധാരണ عزم ഉപയോഗിക്കാറുള്ളത് എന്നതിനാൽ ആദ്യ ത്തെ അർഥമാണ് കൂടുതൽ ഉചിതമായിട്ടുള്ളത്. ●

---

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي الْأَرْضِ مَرَحًا ۖ إِنَّ اللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿١٨﴾

18. ആളുകളെ പുഛരിച്ച് മുഖം തിരിക്കരുത്. ഭൂമിയിൽ പു ളച്ചു നടക്കുകയുമരുത്. സ്വയം പ്രമാണിത്തം ഭാവിച്ച് ഡംഭു കാട്ടുകയും അഹന്തയാൽ ഭള്ളു പറയുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല.

**18**

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ = നീ ആളുകൾക്ക് നിന്റെ കവിൾ കോട്ടരുത് (ആളുകളെ പുഛരിച്ച് മുഖം തിരിക്കരുത്)

وَلَا تَمْشِ فِي الْأَرْضِ مَرَحًا = ഭൂമിയിൽ നീ പുളച്ചു നടക്കുകയുമരുത്

إِنَّ اللَّهَ لَا يُحِبُّ = തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നില്ല

كُلَّ مُخْتَالٍ فَخُورٍ = അഹന്തയാൽ ഭള്ളു പറയുന്ന(യുകയും), സ്വയം പ്രമാണിത്തം ഭാവിച്ച് ഡംഭു കാട്ടുന്ന(കയും ചെയ്യുന്ന ആരെയും) എല്ലാവരെയും

അഹന്തയും ധാർഷ്ട്യവും മൂത്ത ആളുകളുടെ അ വജ്ഞയും പുഛവും തുളുമ്പുന്ന പെരുമാറ്റമാണ് تَصْعِيرُ الْخَدّ കോടലും വക്രിക്കലുമാണ് صعر. മറ്റുള്ളവരെ അവ ഗണിച്ച് മുഖം തിരിക്കുന്നതിന് صعر خدّه എന്നു പറയുന്നു. خدّ കവിളാണ്. സ്വന്തം അവസ്ഥയിൽ അഹങ്കരിക്കുന്നവർ നിന്ദിതരും നിസ്സാരരുമായി കാണുന്ന സാമാന്യ ജനങ്ങളും പാവങ്ങളുമാണ് ഇവിടെ പരാമർശിക്കപ്പെട്ട ആളുകൾ - النّاس. അല്ലാഹുവിനോടുള്ള നന്ദിയുടെയും കൂറിന്റെയും സൃഷ്ടിപര മായ വശങ്ങൾ വിവരിച്ചശേഷം അതിന്റെ വിപരീത വശങ്ങൾ വിവരിക്കുകയാണ്. ഭയഭക്തിയും സ്നേഹവും വിനയവും വിധേയത്വവുമാണല്ലോ നന്ദിയുടെ അകക്കാമ്പ്. അതിനു വി രുദ്ധമായ ഗുണങ്ങളാണ് അഹന്തയും ധാർഷ്ട്യവും. അൽപ ന് അനുഗ്രഹമുണ്ടായാൽ അവന്റെ അഹന്ത ബലൂൺ പോ ലെ വീർക്കുന്നു. മറ്റുള്ളവരെ തൃണ സമാനം നിസ്സാരരായി കാണുകയും അവജ്ഞയോടെ പെരുമാറുകയും ചെയ്യുന്നു. പണം കൊണ്ടും പദവികൊണ്ടും തനിക്കൊത്തവരെന്ന് കരു തുന്നവരെ മാത്രമേ അയാൾ വിലവെക്കൂ. അല്ലാഹുവിനോട് സത്യസന്ധമായ നന്ദിയും കൂറുമുള്ള ദാസന്മാർ തങ്ങളിൽ ഇത്തരം സ്വഭാവങ്ങൾക്കടിപ്പെട്ടുപോകുന്നത് ജാഗ്രതയോടെ വർജിക്കേണ്ടതാണ്.

وَلَا تَمْشِ فِي الْأَرْضِ مَرَحًا സൂറ *അൽ ഇസ്റാഅ്* 37-ാം സൂ ക്തത്തിലും വന്നിരിക്കുന്നു. അവിടെ അതിനനുബന്ധമായി إِنَّكَ لَن تَخْرِقَ الْأَرْضَ وَلَن تَبْلُغَ الْجِبَالَ طُولًا- (ഭൂമിയെ ചവിട്ടിപ്പിളർ ക്കാൻ നിനക്കാവില്ല, പർവതങ്ങളോളം പൊങ്ങാനുമാവില്ല) എന്നു കൂടി പറയുന്നുണ്ട്. വിശദീകരണം പ്രസ്തുത സൂക്ത ത്തിനു താഴെ കാണുക. ഇവിടെ അനുബന്ധമായി പറയുന്നത് إِنَّ اللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ എന്നാണ്. مُخْتَالٍ -ഉം فَخُورٍ -ഉം സാരാംശത്തിൽ ഒന്നാണ്; അഹങ്കാരം. സ്വയം ഗംഭീരനെന്ന് ഭ്രമിച്ച് വഞ്ചിതനാകുന്നവൻ مُخْتَالٍ-ഉം സ്വന്തം പദവികളിലും പണത്തിലും അത്യധികം അഹങ്കരിച്ച് ഊറ്റംകൊള്ളുകയും വമ്പു പറയുകയും ചെയ്യുന്നവൻ فَخُورٍ -ഉം ആകുന്നു. فخر ആണ് ഇതിന്റെ നാമരൂപം. അഭിമാനം, അന്തസ്സ്, ആഢ്യത്വം എന്നെല്ലാമാണ് മൗലികമായ അർഥം. فخر الدّين - فخر الإسلام എന്നൊക്കെ ആളുകൾക്ക് പേരിടുന്നത് ഈയർഥങ്ങളിലാ ണ്. فخر ന്റെ കർതൃപദമായ فاخر പ്രൗഢം, ബഹുകേമം, ഡീലക്സ് എന്ന അർഥത്തിലാണുപയോഗിക്കുന്നത്. ഇത്

فخور ആയോ فخير ആയോ രൂപാന്തരപ്പെടുത്തുമ്പോള്‍ അര്‍ഥം മുകളില്‍ പറഞ്ഞതാകുന്നു. അല്ലാഹുവിനോട് നന്ദിയുള്ളവര്‍ എന്നവകാശപ്പെടുകയും സ്വേഛക്കൊത്ത ധര്‍മങ്ങളനുഷ്ഠിക്കുകയും ചെയ്താലും ഇത്തരക്കാര്‍ അല്ലാഹുവിന്റെ പ്രീതി നേടുകയില്ലെന്ന് ലുഖ്മാന്‍ മകനെ പഠിപ്പിക്കുകയാണ്. പുളച്ചു നടക്കരുത് എന്ന് പറഞ്ഞതിനര്‍ഥം തിരക്കി നടക്കരുതെന്നല്ല; അഹന്തയും ധാര്‍ഷ്ട്യവും തുളുമ്പി നടക്കരുതെന്നാണ്, ശാന്തതയും വിനയവും തുളുമ്പി നടക്കണമെന്നാണ്. വിനയമെന്നാല്‍ അവശതയും അധമത്വവും പ്രകടമാക്കലുമല്ല. ആഇശ(റ) പറയുന്നു: ഉമര്‍(റ) നടക്കുമ്പോള്‍ ശിരസ്സ് ഉയര്‍ത്തി നടക്കുമായിരുന്നു. ശിരസ്സ് കുമ്പിട്ട് നടക്കുന്ന ഒരാളെ കണ്ടപ്പോള്‍ അയാളോടദ്ദേഹം പറഞ്ഞു: 'തലയുയര്‍ത്തി നടക്കൂ. ഇസ്‌ലാം രോഗിയല്ല.' ജീവച്ഛവം പോലെ നടക്കുന്ന ഒരാളെ കണ്ടപ്പോള്‍ അദ്ദേഹം പറഞ്ഞു: 'നീ നമ്മുടെ മതത്തെ കൊല്ലരുത്, അല്ലാഹു നിന്നെ കൊല്ലട്ടെ.' ●

---

وَاقْصِدْ فِي مَشْيِكَ وَاغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ ﴿١٩﴾

19. നടത്തത്തില്‍ മിതത്വം പാലിക്കുക. ഒച്ച താഴ്ത്തുകയും വേണം. ഒച്ചകളിലേറ്റം അരോചകമായത് ഗര്‍ദഭശബ്ദം തന്നെ.

**19**

وَاقْصِدْ = നീ മിതത്വം പാലിക്കുക فِي مَشْيِكَ = നിന്റെ നടത്തത്തില്‍

وَاغْضُضْ = നീ താഴ്ത്തുക, കുറക്കുക مِن صَوْتِكَ = നിന്റെ ഒച്ചയില്‍നിന്ന്

إِنَّ أَنكَرَ الْأَصْوَاتِ = ഒച്ചകളിലേറ്റം അരോചകമായത് لَصَوْتُ الْحَمِيرِ = ഗര്‍ദഭശബ്ദം തന്നെ

കഴിഞ്ഞ സൂക്തം വര്‍ജിക്കാനുപദേശിച്ച നികൃഷ്ട സ്വഭാവങ്ങളുടെ വിപരീതമായ വിശിഷ്ട സ്വഭാവങ്ങള്‍ സ്വീകരിക്കാന്‍ ഉപദേശിക്കുകയാണ് ഈ സൂക്തം. അല്ലാഹുവിനോട് നന്ദിയും വിനയവും പ്രകടിപ്പിക്കേണ്ടത് ആരാധനാനുഷ്ഠാനങ്ങളിലൂടെ മാത്രമല്ല; ദൈവദാസന്റെ എല്ലാ ജീവിത ചര്യകളിലും അതു പ്രകടമാകണം. ഭൂമി തന്റെ കാല്‍ക്കീഴിലാണ്, അല്ലെങ്കില്‍ താന്‍ ഭൂമിയുടെ അധിപനാണ് എന്ന ധാര്‍ഷ്ട്യത്തോടെയുള്ള നടത്തത്തിനു വിപരീതമായി പറയുന്ന മിതത്വമുള്ള നടത്തം ഭൂമിയും അതില്‍ നടക്കാനുള്ള തന്റെ ശേഷിയും അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന ബോധത്തോടെ വിനീതനും വിവേകിയുമായി നടക്കുകയാണ്. അഹന്തയോ ധാര്‍ഷ്ട്യമോ ഇല്ലാതെ, ന്യായമായ കാരണങ്ങളാല്‍ ധൃതിപ്പെട്ടു നടക്കുന്നതും ഓടുന്നതും മിതമായ നടത്തത്തിനെതിരല്ല. قَصَدَ -ല്‍നിന്നുള്ള ശാസനാക്രിയയാണ് اقْصِدْ. കരുതലും ഉദ്ദേശിക്കലും ലക്ഷ്യമാക്കലുമാണ് قصد -ന്റെ മൗലികമായ അര്‍ഥം. ഇതിനും ഇതിന്റെ രൂപഭേദങ്ങള്‍ക്കും വ്യത്യസ്തമായ പ്രയോഗാര്‍ഥങ്ങളുണ്ട്. അതിലൊന്നാണ് മിതത്വം. قصد السبيل നേര്‍വഴിയാണ്. ഒരു കാര്യം ലക്ഷ്യമാക്കി സഞ്ചരിക്കുന്നതിന് قصد اليه എന്നു പറയും. قصيدة കവിതയാണ്. ധനവിനിമയ സമ്പ്രദായത്തിന് اقتصاد എന്ന് പറയുന്നു. علم الاقتصاد സാമ്പത്തികശാസ്ത്രം. مقتصد മിതത്വം പാലിക്കുന്നവനും സന്മാര്‍ഗിയുമാണ്.

നടത്തത്തിലെന്നപോലെ സംസാരത്തിലും മിതത്വം പാലിക്കണം. ആവശ്യത്തിലധികം ഒച്ചയിടരുത്. സംസാരം സൗമ്യവും സഭ്യവുമായിരിക്കണം. ആളുകള്‍ അമിതമായി ഒച്ചയിടുന്നതിന് പല കാരണങ്ങളുണ്ട്. ചിലര്‍ ഒച്ചയിട്ട് സംബോധിതരെ കീഴടക്കാന്‍ നോക്കുന്നു. ചിലര്‍ സഭയില്‍ മേല്‍ക്കൈ നേടാന്‍ ഒച്ചയിടുന്നു. ചിലര്‍ ഉത്തരം മുട്ടുമ്പോഴും കോപിക്കുമ്പോഴും ഒച്ചയിട്ടും സഭ്യേതരമായും സംസാരിക്കുന്നു. ഇതൊന്നും ന്യായമായ കാരണങ്ങളല്ല. കേള്‍പ്പിക്കാനുദ്ദേശിക്കുന്നവര്‍ കേള്‍ക്കാന്‍ പാകത്തിലുള്ള ഒച്ചയില്‍ മാന്യമായി സംസാരിക്കണം. മിതമായ ഒച്ചയുടെ അളവ് തീരുമാനിക്കേണ്ടത് സ്ഥലവും സന്ദര്‍ഭവും നോക്കിയാണ്. وَاغْضُضْ مِن صَوْتِكَ എന്ന വാക്യത്തിലെ مِن صَوْتِكَ എന്ന വാക്ക് ഇപ്രകാരം ഒരാശയത്തെ ധ്വനിപ്പിക്കുന്നതായി വ്യാഖ്യാതാക്കള്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹു സൃഷ്ടികള്‍ക്ക് നല്‍കിയിട്ടുള്ളത് ഒരു വോള്യം മാത്രമുള്ള ശബ്ദമല്ല, ആവശ്യാനുസരണം അത് കൂട്ടാനും കുറക്കാനുമുള്ള കഴിവും നല്‍കിയിരിക്കുന്നു. ഈ കഴിവ് ശരിയാംവണ്ണം ഉപയോഗിക്കണം. ആളുകളുടെ കാതു പൊട്ടിക്കാനും അപമാനിക്കാനും ഉപയോഗിക്കരുത്.

അല്ലാഹു ആദരിച്ച ശ്രേഷ്ഠസൃഷ്ടിയാണ് മനുഷ്യന്‍. സുന്ദരമായ ഭാഷണമാണ് അല്ലാഹു അവനെ പഠിപ്പിച്ചിട്ടുള്ളത്- عَلَّمَهُ الْبَيَانَ (55:4)

ഈ അനുഗ്രഹത്തിന്റെ മൂല്യം മനസ്സിലാക്കാതെ കഴുതകളെപ്പോലെ അതുപയോഗിക്കുന്നത് പരിതാപകരമാണ്. അരോചകമായ ശബ്ദം ഗര്‍ദഭശബ്ദം തന്നെ എന്നതുകൊണ്ടുദ്ദേശ്യം കഴുതകളുടെ കരച്ചില്‍ ഏറ്റം അരോചകമാണെന്നറിയിക്കുകയല്ല; അസഭ്യം പറയുന്നതും അനാവശ്യമായി ഒച്ചിയിടുന്നതും കഴുതയുടെ കരച്ചില്‍ പോലെ അരോചകമാണെന്നുണര്‍ത്തുകയാണ്.

സൂറ *അല്‍ഫുര്‍ഖാന്‍* 63-ാം സൂക്തത്തിന്റെ മറ്റൊരു ഭാഷ്യമാണ് ഈ സൂക്തം. ഇവിടെ ശബ്ദം താഴ്ത്തണമെന്നും അരോചകമായി സംസാരിക്കരുതെന്നും ഉപദേശിച്ച സ്ഥാനത്ത് അവിടെ, യഥാര്‍ഥ ദൈവദാസന്മാര്‍, അവിവേകികള്‍ തര്‍ക്കിക്കാന്‍ വന്നാല്‍ സലാം പറഞ്ഞ് പിന്മാറുന്നവരാണെന്നുണര്‍ത്തിയിരിക്കുന്നു. കൂടുതല്‍ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

ഖുർആൻ ഉദ്ധരിക്കുന്ന, ലുഖ്മാന്റെ തത്ത്വോപദേശങ്ങൾ ഇവിടെ സമാപിക്കുന്നു. പൗരാണിക കഥകളും കവിതകളും ലുഖ്മാന്റെ നിരവധി തത്ത്വവചനങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. കുറേ ഉപദേശങ്ങൾക്ക് ആലൂസി, ഇമാം മാലിക്, ഇബ്നുൽ അറബി, സമഖ്ശരി, ഇബ്നു അത്വിയ്യ തുടങ്ങിയവർ അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയത് ഇബ്നു ആശൂർ തന്റെ തഫ്സീറിൽ ഉദ്ധരിച്ചിരിക്കുന്നു. അവയിൽ ചിലതുമാത്രം താഴെ ചേർക്കുന്നു. ലുഖ്മാന്റെ ഏതാണ്ട് എല്ലാ ഉപദേശങ്ങളും മകനെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്:

- ഈ ലോകം ആഴമേറിയ ആഴിയാകുന്നു. പെരുത്താളുകൾ അതിൽ മുങ്ങിയൊടുങ്ങിയിരിക്കുന്നു. ആകയാൽ ഈ സമുദ്രത്തിൽ നിന്റെ കപ്പൽ ദൈവഭക്തിയായിരിക്കണം. അതിന്റെ കേവ് ഈമാനായിരിക്കട്ടെ. അല്ലാഹുവിലുള്ള തവക്കുലാവട്ടെ കപ്പൽ പായ്കൾ. നിനക്കു രക്ഷപ്പെടാം. നീ രക്ഷപ്പെട്ടുവെന്ന് ഞാൻ പറയുന്നില്ല.
- ഒരുവന് തന്നിൽനിന്നുതന്നെ ഒരു ഉപദേശിയുണ്ടാകുന്നുവെങ്കിൽ അവന് അല്ലാഹുവിങ്കൽനിന്ന് ഒരു കാവൽക്കാരനുണ്ടാകും.
- പിതാവ് പുത്രനെ ശിക്ഷിക്കുന്നത് കൃഷിക്കു വളമിടുന്നതുപോലെയാണ്.
- കടബാധ്യതയെ സൂക്ഷിക്കുക. അത് പകൽ അധമത്വവും രാത്രി ആധിയുമാകുന്നു.
- അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുക. ആ പ്രതീക്ഷ പക്ഷേ, പാപം ചെയ്യാൻ ധൈര്യപ്പെടുത്തിക്കൂടാ. അല്ലാഹുവിനെ ഭയപ്പെടുക. ആ ഭയം അവന്റെ കാരുണ്യത്തിൽ നിന്ന് നിന്നെ നിരാശനാക്കുകയുമരുത്.
- വയറുനിറഞ്ഞാൽ പിന്നെയും തിന്നരുത്. അധിക ഭക്ഷണം തിന്നുന്നതിനേക്കാൾ നല്ലത് നീ അതു പട്ടിക്കെറിഞ്ഞു കൊടുക്കുകയാണ്.
- നീ വിഴുങ്ങപ്പെടാൻ മാത്രം മധുരമുള്ളവനോ തുപ്പിക്കളയാൻ മാത്രം കയ്പ്പുറ്റവനോ ആയിക്കൂടാ.
- പഠിച്ചതു പ്രവർത്തിക്കാതെ അറിയാത്തതു പഠിക്കുന്നതിലർഥമില്ല. വിറകു വെട്ടി കെട്ടാക്കിയിട്ട് അത് ചുമക്കാൻ കഴിയാത്തവൻ അതിന്മേൽ മറ്റൊരു ചുമടുകൂടി ചേർത്തു കെട്ടുന്നതുപോലെയാണത്.
- നിന്റെ സംസാരം ശുദ്ധമായിരിക്കട്ടെ. മുഖം പ്രസന്നമായിരിക്കട്ടെ. എങ്കിൽ നിന്നെ ആളുകൾ ഇഷ്ടപ്പെടും; അവർക്ക് വിഭവങ്ങൾ ദാനം ചെയ്യുന്നവരേക്കാൾ.
- നിന്റെ ചങ്ങാതിയോട് നീ അയാൾക്ക് ആവശ്യമില്ലാത്തവനാണെന്നും, നിനക്ക് അയാൾ അത്യാവശ്യമുള്ളവനാണെന്നും ഉള്ള മട്ടിൽ വർത്തിക്കണം.
- വാക്കുകൾ വായിൽനിന്ന് പുറത്തു ചാടുന്നത് നിയന്ത്രിക്കണം. മിണ്ടാതിരിക്കുന്നേടത്തോളം നീ സുരക്ഷിതനാണ്. നിനക്ക് പ്രയോജനമുള്ളതേ സംസാരിക്കാവൂ. ●